# നാടോടിവിജ്ഞാനീയമേഖലയിലൂടെ നവോത്ഥാനം

## –ജന്തുചരിതത്തെ ആസ്പദമാക്കിയുള്ള പഠനം

**ഡോ. നിഷ ഫ്രാൻസിസ് ഒ.**
അസി. പ്രൊഫസർ, മലയാള വിഭാഗം, വിമല കോളേജ്

കേരളത്തിലെ ജന്തുചരിതം നാടോടിവിജ്ഞാനീയത്തിന്റെ മേഖലയിൽ എത്രമാത്രം സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട്? ഈ നാട്ടറിവുമേഖല എങ്ങനെയെല്ലാം കേരളസംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും നവോത്ഥാനചിന്തകളെ ത്വരിതപ്പെടുത്തിയിട്ടുണ്ട് എന്ന അന്വേഷണമാണ് ഈ പ്രബന്ധം. ഒരു കൂട്ടായ്മയുടെ ഭാഗമായി നിലനില്ക്കുന്ന മൃഗസംബന്ധിയായ നാട്ടറിവുകൾ സാംസ്കാരികസ്വത്വനിർമ്മിതിയുടെ അനിവാര്യഭാഗമാകുന്ന കാലഘട്ടത്തെയാണ് ഇവിടെ നവോത്ഥാനമെന്നുകൊണ്ട് ഉദ്ദേശിക്കുന്നത്. സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ പൊതുമണ്ഡലത്തെ ആശ്രയിച്ച് പുരോഗമിച്ച ഫോക്‌ലോറിസ്റ്റിക്സിന് അതിന്റേതായ ലക്ഷ്യവും മാർഗ്ഗവും തിട്ടപ്പെടുത്തിയെടുക്കാൻ കഴിഞ്ഞത് 19-ാം നൂറ്റാണ്ടിന്റെ പാരമ്പര്യാന്വേഷണങ്ങളിലൂടെയാണ്. സാമാന്യജനസമൂഹത്തിന്റെ സാംസ്കാരികസമ്പത്താണ് നാടോടിവിജ്ഞാനീയത്തിന്റെ പ്രധാന മേഖല. സമൂഹമനസ്സിന്റെ അപഗ്രഥനം സാധിക്കുന്നത് ഫോക്‌ലോറിലൂടെയാണ്. വളർച്ച പ്രാപിക്കുന്നതിനുമുമ്പ്, നാഗരികതയിലേക്കുള്ള വികാസത്തിന്റെ ആദ്യഘട്ടത്തിൽ, നീതിശാസ്ത്രം, തത്ത്വചിന്ത, ദർശനങ്ങൾ ഇത്യാദി വിഷയങ്ങളെല്ലാം സംഗ്രഹിച്ച് വിനിമയം ചെയ്യുന്നത് ഫോക്‌ലോർ മാതൃകകളിലൂടെയാണ്. തലമുറകളിലൂടെ വാമൊഴിയിലൂടെ കൈമാറ്റം ചെയ്യുന്ന പാരമ്പര്യവഴക്കങ്ങളിൽ ഒരു കൂട്ടായ്മയുടെ സ്വത്വബോധം പ്രതിഫലിക്കുന്നുണ്ട്. ഈ നാട്ടുവഴക്കങ്ങളിലെല്ലാം

ജന്തു-സസ്യ സംബന്ധിയായ അറിവുകൾ, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വാങ്മയമാതൃകകൾ, കലാഘടകങ്ങൾ എന്നിവ കാണാം. ഇത്തരത്തിൽ സംക്രമിക്കുന്ന നാട്ടറിവുകളിലെ ജൈവികപ്രപഞ്ചം കാലപരിണാമത്തെ നിയന്ത്രിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.

ധർമ്മപരം

ജന്തുസംബന്ധിയായി നിലനില്ക്കുന്ന വൈജ്ഞാനികഘടകങ്ങളിൽ വില്യം ആർബാസ്ക് നിർദ്ദേശിക്കുന്ന നാലു ധർമ്മങ്ങളും അർത്ഥവത്താകുന്നു. പ്രകൃതിയുമായി ഇണങ്ങി ജീവിച്ചിരുന്ന ഗോത്രസംസ്കൃതിയിൽ അടിച്ചമർത്തപ്പെട്ട സമ്മർദ്ദങ്ങളിൽനിന്നു രക്ഷനേടുന്നതിനുള്ള ഉപാധികളായി മൃഗങ്ങളെ ആരാധിക്കുന്നതും, മൃഗരൂപത്തിൽ പൊയ്മുഖങ്ങളുപയോഗിച്ചു നൃത്തംചെയ്യുന്നതുമെല്ലാം പരിഗണിക്കാവുന്നതാണ്. കൂട്ടായ്മ അനുവർത്തിക്കുന്ന ചില വഴക്കങ്ങളുടെ ന്യായീകരണമെന്ന നിലയിൽ ആചാരാനുഷ്ഠാനഴം കലാപ്രകടനങ്ങളും മൃഗങ്ങളോടു ബന്ധപ്പെട്ടു നിൽക്കുന്നതായി കാണാം. വിശ്വാസം, സദാചാരനിഷ്ഠ, സാമൂഹികഘടന, തൊഴിൽ തുടങ്ങിയവയെ പ്രതിഫലിപ്പിക്കുന്നതായിരിക്കും ഇത്തരം ന്യായീകരണങ്ങൾ. വേട്ടയെ സംബന്ധിച്ച് ഒരു പ്രത്യേക വിശ്വാസം ആദിവാസി ഗോത്രക്കാർക്കിടയിൽ കാണുന്നു. മുയൽവേട്ട അരുതെന്ന നിഷിദ്ധം പണ്ട് അവർക്കുണ്ടായ ദുരനുഭവത്തിൽനിന്നുള്ള പാഠമാണ് ന്യായീകരിക്കുന്നത്. മുയൽവേട്ട നടത്തിയ ദിവസം ഗോത്രമൂപ്പന്റെ മകൻ മരിച്ചുവെന്നതാണ് ഇതിനുള്ള കാരണം. നിരക്ഷരസമൂഹത്തെ സംബന്ധിച്ച് അറിവിന്റെ വിനിമയവുമായും നാടോടി ജന്തുചരിതത്തിന് ബന്ധമുണ്ട്. സ്ഥിരോത്സാഹിയായ ആമ വേഗതയേറിയ മുയലിനെ തോല്പിക്കുന്ന കഥയിൽ കഠിനപരിശ്രമങ്ങൾ വിജയത്തിലേയ്ക്കുള്ള മാർഗ്ഗമാണെന്നുള്ള അറിവാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. അംഗീകരിക്കപ്പെട്ട പെരുമാറ്റച്ചട്ടങ്ങളെ നിലനിർത്താനും ഇത്തരം ഫോക്ഘടകങ്ങൾ സഹായകരമാണ്. കാവുകളിൽ നിലനിന്നിരുന്ന നാഗാരാധന പ്രകൃതിയുടെ ആവാസവ്യവസ്ഥിതിയെ മനുഷ്യന്റെ സാംസ്കാരിക പരിണാമദിശയിലും കൂടെ നിലനിർത്തുന്നതിനുള്ള പരിശ്രമമായി നോക്കിക്കാണാം.

വർഗ്ഗീകരണം

റിച്ചാർഡ് എം. ഡോർസന്റെ വർഗ്ഗീകരണരീതിയനുസരിച്ച് വാങ്മയം, കല, സാമൂഹികം, ഭൗതികം എന്നിങ്ങനെ നാലു തലങ്ങളിലായി ജന്തുസംബന്ധിയായ ഫോക്‌ലോർ ഘടകങ്ങളെ വർഗ്ഗീകരിച്ചു പഠിക്കാം. ജന്തുക്കളെപ്പറ്റിയുള്ള

1. നാടോടി വാങ്മയങ്ങൾ,
2. കലാനിർവ്വഹണങ്ങളിൽ മൃഗസാന്നിധ്യം,
3. ഇത്തരം പ്രകടനങ്ങൾക്കു പിന്നിലുള്ള വിശ്വാസം, ഇതിനോട നുബന്ധിച്ച് അനുഷ്ഠാനസംബന്ധിയായ ചടങ്ങുകൾ,
4. ജന്തുക്കളെ സൂചിപ്പിക്കാനുപയോഗിക്കുന്ന ഭൗതികസാമഗ്രി കൾ, വേഷഭൂഷകൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി ചർച്ച ചെയ്യുന്നു.

ഈ വിഭാഗങ്ങളെല്ലാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ പൂർണ്ണമായുള്ള വിഭജനം സാധ്യമല്ല. ഇങ്ങനെ നാലു മേഖലയിൽ ചിത റിക്കിടക്കുന്ന ജന്തുചരിതങ്ങളെ കൂട്ടായ്മയുടെ ഭാഗമായി വിലയിരുത്തുക യും അപഗ്രഥനത്തിനു വിധേയമാക്കുകയുമാണ് ഈ പ്രബന്ധം. കേരള ത്തിന്റെ വൈജ്ഞാനികപദ്ധതിതന്നെ ഇത്തരം ചിന്തകൾക്ക് വിധേയ മായി പരിവർത്തനപ്പെട്ടതിന്റെ ചരിത്രം പുനരാലോചിക്കേണ്ടതാണ്.

1. സാമൂഹികം

സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളിൽനിന്നും ഉരുത്തിരിയുന്ന സംസ്കാരമാണ് ഇതിൽ ഉൾപ്പെടുക. നാട്ടിലെ ആചാരവിശ്വാസങ്ങൾ, ചടങ്ങുകൾ, നാട്ടുനടപ്പുകൾ, ഉത്സവാഘോഷങ്ങൾ, ആരാധന, വിനോ ദങ്ങൾ, നാടൻകളികൾ, ആഭിചാരക്രിയകൾ, മന്ത്രവാദകർമ്മങ്ങൾ, ജീ വിതമുഹൂർത്തങ്ങളോടനുബന്ധിച്ചുള്ള കർമ്മങ്ങൾ, ഘോഷയാത്രകൾ എന്നിവയെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു.

ആരാധനയുടെ ഭാഗമായാണ് കലാവഴക്കങ്ങൾ രൂപംപ്രാപിക്കുന്ന ത്. കേരളത്തിലെ ആരാധനയുമായി ബന്ധപ്പെട്ടതാണ് മൃഗപൂജ. മൃഗ പൂജയിലൂടെ അനേകം ജന്തുവിഭാഗങ്ങളുമായി മനുഷ്യവർഗ്ഗം ചിരസ മ്പർക്കത്തിൽ ഏർപ്പെടുന്നുണ്ട്. ഉർവ്വരതയും കാർഷികഫലസമൃദ്ധിയു മായും ബന്ധമുള്ള മൃഗങ്ങളാണ് കാള, പശു, ആട് എന്നിവ. മൃഗദേവതാ സങ്കല്പങ്ങളിൽ ഈ മൃഗങ്ങൾക്ക് പ്രത്യേകസ്ഥാനമുണ്ട്. ഉർവ്വരതയുമാ യി ബന്ധപ്പെട്ടുള്ള മൃഗരൂപത്തിൽ ദേവതകൾ പ്രത്യക്ഷപ്പെടുമെന്നാണ് പ്രാക്തനവിശ്വാസം. അതിനാൽ ഈ കലാരൂപങ്ങളിൽ പ്രതീകാത്മക മായി മൃഗരൂപം കെട്ടിയൊരുക്കാറുണ്ട്. പുരാണേതിഹാസകൃതികളിലെ ല്ലാം മൃഗപൂജയുടെ അടയാളപ്പെടുത്തലുകളുണ്ട്. പശു ഹൈന്ദവാചാരപ്ര കാരം പുണ്യമൃഗമാണ്. ഗോക്കളെയും ബ്രാഹ്മണരെയും ബ്രഹ്മാവ് ഒരു മിച്ച് സൃഷ്ടിച്ചുവെന്നാണ് വിശ്വാസം. കാമധേനു, നന്ദിനി, സുരഭി തുട ങ്ങിയ ദിവ്യഗോക്കളെപ്പറ്റി ഉന്നതസംസ്കാരത്തിലെ പുരാസങ്കല്പങ്ങളിൽ

പരാമർശങ്ങളുണ്ട്. ഇത്തരത്തിൽ നാടൻസങ്കല്പമാണ് ഗോദാവരിയെന്ന ദിവ്യപശു. 'കോതാമൂരിയാട്ടം' എന്നറിയപ്പെടുന്ന 'ഗോദാവരിയാട്ടം' ഉത്തരകേരളത്തിലെ മലയരും പാണരും ചെയ്യുന്ന കലാപ്രകടനമാണ്. ഇത് കാർഷികവൃത്തിയ്ക്കാവശ്യമായ ഗോസമൃദ്ധിയ്ക്കായിട്ടാണെന്ന് വിശ്വസിക്കുന്നു. പ്രാദേശികദേവതകളെ കാർഷികസമൃദ്ധിയുടെ മൂർത്തികളായി കരുതുന്ന മൃഗങ്ങളുടെ രൂപത്തിൽ ആരാധിക്കുന്നത് യൂറോപ്പിലടക്കമുള്ള പ്രാക്തനസംസ്കാരങ്ങളിൽ നടപ്പുണ്ട്. ഗോദാവരി കേരളീയമായ ഉർവ്വരദേവതയാണ്. കർഷകസമ്പത്തിന്റെ പ്രതാപം കാലിക്കൂട്ടങ്ങളെ ആശ്രയിച്ച് നിർണ്ണയിക്കുന്ന രീതി പ്രാചീന റോമൻ, ജൂത പാരമ്പര്യങ്ങളിൽ നിലനിന്നിരുന്നു. കന്നുകാലിതൊഴുത്തും, വൈക്കോൽക്കൂനയും കേരളത്തിലെ ഗൃഹങ്ങളുടെ സമ്പൽസമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായിരുന്നു. പാപവിമുക്തിക്കായി പശുക്കളെ ദാനംചെയ്യുന്ന ചടങ്ങും കേരളത്തിലുണ്ട്. ദേവതാപ്രസാദത്തിനായി അവരുമായി ബന്ധപ്പെട്ട മൃഗങ്ങളെയോ അവയുടെ രൂപങ്ങൾ ലോഹം, ദന്തം, ദാരു എന്നിവയിൽ നിർമ്മിച്ചതോ ക്ഷേത്രങ്ങളിലേയ്ക്ക് വഴിപാടായി സമർപ്പിക്കുകയും പതിവുണ്ട്. ഗണപതിപ്രസാദത്തിനായി ആനയ്ക്ക് ഭക്ഷണവും വെള്ളവും നൽകുന്നരീതി നാട്ടിൻപുറത്തെ നടപ്പാണ്. മൃഗങ്ങളെ അലങ്കരിച്ച് എഴുന്നെള്ളിക്കുന്ന പതിവ് ആരാധനയോടനുബന്ധിച്ച് കാണാം. പൂരാഘോഷങ്ങളിൽ തിടമ്പേറ്റുന്ന ആന ഇതിനു തെളിവാണ്. ആന, കുതിര തുടങ്ങിയ മൃഗങ്ങളെ കാവുകളിലും മറ്റും നടയിരുത്തുക പതിവുണ്ട്. കാളവേല തുടങ്ങിയ കെട്ടുകാഴ്ചകളും മൃഗാരാധനയുടെ ഭാഗമായി നിലനില്ക്കുന്ന അനുഷ്ഠാനങ്ങളാണ്. വൈയ്ക്കോൽ കൊണ്ടുണ്ടാക്കുന്ന മൃഗരൂപങ്ങളുടെ കെട്ടുകാഴ്ചകൾ, കാലിച്ചേകോന്തട്ട് എന്ന അനുഷ്ഠാനം വടക്കൻ കേരളത്തിലേതാണ്.

## ദേവതകളുടെ പ്രതിരൂപാത്മകത

ദേവൻമാർക്ക് മൃഗരൂപത്തിലുള്ള പ്രതിരൂപാത്മകതയും ആരാധനയുടെ ഭാഗമാണ്. ഇന്ദ്രൻ, കാള, ആട്, കുറുക്കൻ, പക്ഷി എന്നിവയുടെ രൂപം കടം ധരിച്ചതായി പറയപ്പെടുന്നു. ദശാവതാരത്തിൽ വിഷ്ണുവിന്റെ അവതാരങ്ങളായ മത്സ്യ-കൂർമ്മ-വരാഹങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പാർവ്വതീ പരമേശ്വരൻമാർ 'ആനവടിയായ്' ചമഞ്ഞ് ആനമുഖമുള്ള ശിശു (ഗണപതി) ജനിച്ചതും പുരാണസ്മൃതി തന്നെയാണല്ലോ. പുലിദൈവം മൃഗരൂപം കൈക്കൊണ്ട പ്രതിരൂപമാണ്. മത്സ്യ-കൂർമ്മ-വരാഹാദി അവതാരങ്ങൾ പൂജനീയമായിത്തീർന്നിരിക്കുന്നു. ഓരോ നക്ഷത്രത്തിനും വിധിക്കപ്പെട്ട മൃഗങ്ങളുണ്ട്. അവയെ ഉപദ്രവിക്കുകയോ

കൊല്ലുകയോ പാടില്ല. അവയെ വളർത്തുന്നത് നല്ലതാണെന്ന് വിശ്വസിക്കുന്നു. ഇതിനെ ഒരുതരത്തിൽ ദൈവപ്രതിരൂപാരാധനയായി കണക്കാക്കാം.

ടോറ്റമിസം

നരവംശശാസ്ത്രപരമായി ഈ മൃഗാരാധനയെ സമീപിച്ചാൽ കാട്ടിലെ ആവാസവ്യവസ്ഥിതിയിൽ തങ്ങൾക്കു ഭയമുള്ള മൃഗങ്ങളോട് പ്രാക്തന കാലത്ത് മനുഷ്യൻ ദേവസങ്കല്പത്തിലൂടെ ഇണങ്ങാൻ ശ്രമിച്ചതാണെന്നു കാണാം. വർഗ്ഗപാരമ്പര്യം കാണിക്കുന്ന പ്രതിരൂപസങ്കല്പങ്ങളിൽ മൃഗങ്ങൾക്കുള്ള പ്രാതിനിധ്യത്തിന് മനുഷ്യവംശത്തിന്റെ തുടക്കത്തോളം തന്നെ പഴക്കമുണ്ട്. ഒരുതരത്തിൽ ഈ മൃഗാരാധന 'ടോറ്റമിസ'ത്തിന്റെ തുടർച്ചയാവാൻ തരമുണ്ട്. ക്രൂരമൃഗങ്ങളെ ആരാധനാമൂർത്തികളായി ഇണക്കാൻ നോക്കിയതിന്റെ ഭാഗമാകണം ടോറ്റമിസം. പ്രാക്തന ജനതയുടെ മതവിശ്വാസവുമായി ബന്ധപ്പെട്ടാണ് ടോറ്റമിസത്തെ നോക്കിക്കാണേണ്ടത്. മൃഗം, പക്ഷി, ജീവി, ചെടി, വൃക്ഷം ഇവയിലേതെങ്കിലും തങ്ങളുടെ വംശത്തോടു ബന്ധമുള്ളതാണെന്ന് ഗോത്രസംസ്കൃതിയിൽ വിശ്വസിക്കപ്പെടുന്നു. ഇതിനെ അവർ ഗോത്രചിഹ്നമായി കരുതുന്നു. നിശ്ചിതമൃഗങ്ങളുടെ അനുഗാമികളാണ് തങ്ങളെന്ന് അതാതു ഗോത്രക്കാർ ഗണിക്കുന്നു. അങ്ങനെ മൃഗങ്ങൾ അവരുടെ 'ടോറ്റ'മായി മാറുന്നു. ഗോത്രങ്ങളുടെ പ്രതിരൂപാത്മകതയാണ് ടോറ്റമിസത്തിലുള്ളത്. ഈ മൃഗങ്ങളുമായി തങ്ങൾക്ക് രക്തബന്ധമുണ്ടെന്നുവരെ ആദിവാസികൾ വിശ്വസിക്കുന്നു. അതിനാൽ, അന്യഗോത്രക്കാരുമായേ വിവാഹബന്ധം അനുവദിക്കൂ. ആസ്ട്രേലിയ, ആഫ്രിക്ക, അമേരിക്കയുടെ വടക്കു പടിഞ്ഞാറൻ പ്രവിശ്യ എന്നിവിടങ്ങളിലെല്ലാമുള്ള ആദിവാസികൾക്ക് മൃഗങ്ങളോടുള്ള പ്രതിരൂപാത്മകതയിൽ വിശ്വാസമുണ്ട്. ഗോത്രചിഹ്നമായി കരുതുന്ന മൃഗങ്ങളെ അടിസ്ഥാനമാക്കിയാണ് ഗോത്രസമുദായങ്ങൾ തരംതിരിച്ചിട്ടുള്ളത്. കുടുംബഘടനയിൽത്തന്നെ ഈ മൃഗപ്രതിരൂപവിശ്വാസം വളരെയധികം പങ്കുവഹിച്ചിട്ടുണ്ട്. വർഗ്ഗപാരമ്പര്യത്തെ മൃഗങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രതിരൂപ സങ്കല്പത്തോടു ചേർത്ത് ഉല്പത്തി സംബന്ധിച്ച പുരാസങ്കല്പങ്ങൾക്ക് രൂപം കൊടുക്കുന്നത് പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുള്ള മനുഷ്യന്റെ പുരോഗമനാത്മകമായ ഇടപെടലായിക്കാണാം. ഇതിനെ അന്ധവിശ്വാസമെന്നതിനേക്കാൾ അതിജീവനപാഠമായേ കണക്കാക്കാൻ സാധിക്കൂ. പശു, കാള, കുതിര, ആട്, സിംഹം, കലമാൻ, ഗരുഡൻ, മയിൽ തുടങ്ങിയ പക്ഷിമൃഗാദികളെ പുണ്യജീവികളായി വിവിധ ഗോത്രസമൂഹങ്ങൾ സങ്കല്പിച്ചിരുന്നു.

ഈ സങ്കല്പമാണ് പിന്നീട് ടോറ്റമിസ (പ്രതിരൂപസങ്കല്പം) ത്തിലേക്ക് പരിണമിക്കുന്നത്.

കാർഷികവൃത്തിയുടെ ആരംഭമായി മൃഗാരാധനയ്ക്ക് ബന്ധമുണ്ട്. വളർത്തുമൃഗങ്ങളെ കണ്ടെത്തി അവയെ ഇണക്കി കൃഷിസംബന്ധമായി ഉപയോഗിക്കുന്നത് ഏറെ ഉപയോഗപ്രദമായി മനുഷ്യൻ കണ്ടെത്തി. കൃഷിമാത്രമല്ല, വ്യവസായ സംരംഭത്തിലും മൃഗങ്ങൾക്ക് പങ്കുണ്ട്. കൃഷിയ്ക്കായി നിലം ഉഴുന്നതിനെന്നപോലെതന്നെ എണ്ണ നിർമ്മാണവുമായി ബന്ധപ്പെട്ട് 'ചക്ക്' ആട്ടുന്നതും കന്നുകാലികളായിരുന്നു. മനുഷ്യന്റെ അദ്ധ്വാനഭാരത്തെ ലഘൂകരിക്കാൻ മൃഗങ്ങളെ ഉപയോഗിച്ചിരുന്നതാണ് പിന്നീട് യന്ത്രസംസ്കാരത്തിനു വഴിമാറിയത്. അതിനാൽ മനുഷ്യന്റെ ബദൽസംവിധാനങ്ങളിൽ യന്ത്രങ്ങൾക്കുമുമ്പ് ആദ്യഘട്ടം മൃഗങ്ങളെ ഉപയോഗിച്ചുള്ള പണിരീതികളായിരുന്നു. സാങ്കേതികതയുടെ തുടക്കം ഈ പണിതന്ത്രങ്ങളിൽ മൃഗചരിത്രത്തോടൊപ്പം വായിക്കാവുന്നതാണ്. ആരാധന, പൂജ, വിശ്വാസം, കാർഷികസംസ്കാരം, പുരോഗമനം തുടങ്ങിയവയുടെയെല്ലാം ആദിമപ്രാതിനിധ്യം മൃഗചരിത്രത്തിൽ കാണാം. ഈ പ്രാക്തനതയിൽ മനുഷ്യചരിത്രത്തിന്റെ തന്നെ പാരമ്പര്യവും വളർച്ചയും നിർണ്ണയിക്കപ്പെടുന്നുണ്ട്. ഇണങ്ങുന്ന മൃഗങ്ങളെ ഇണക്കിയും ക്രൂരമൃഗങ്ങളെ ആരാധിച്ചും പ്രകൃതിയിൽ തനിക്കഭിമതങ്ങളായ ഇടപെടലുകൾ മനുഷ്യൻ കൂട്ടിച്ചേർത്തു. സാംസ്കാരികമായ പുരോഗതിയുടെ ആദ്യതാളുകളാണിവയെന്ന് പറയാം. കൃഷി, യുദ്ധം, നായാട്ട് ഇവയിലെല്ലാം മൃഗപങ്കാളിത്തം വളരെ നിർണ്ണായകമാണ്. ആന, കുതിര, പട്ടികൾ ഇവയെല്ലാം സാഹിത്യകൃതികളിലും യുദ്ധ-വേട്ട വർണ്ണനകളിൽ നിറഞ്ഞു നിൽക്കുന്നു.

നാടോടിജീവിതവഴക്കങ്ങളായ ശകുനം, നിമിത്തം നോക്കൽ, ബാധോച്ചാടനക്രിയകൾ, മാന്ത്രികച്ചടങ്ങുകൾ എന്നിവയുടെ ഭാഗമായും ജന്തുസംബന്ധമായ വിശ്വാസങ്ങൾ നിലനില്ക്കുന്നതായി കാണാം. പല ശകുനങ്ങളും പക്ഷിമൃഗാദികളെ സംബന്ധിച്ചുള്ളതാണ്. യാത്രാരംഭത്തിൽ ഇടത്തുനിന്ന് വലത്തോട്ട് മൃഗങ്ങൾ പോകുന്നത് ശുഭകരമാണ്. പൂച്ച, കാള, പോത്ത്, കുമൻ, മൂങ്ങ, കുത്തിച്ചൂളാൻപക്ഷി, ഉപ്പൻ പക്ഷി തുടങ്ങിയ മൃഗങ്ങളെച്ചേർത്ത് പല ശകുനങ്ങളും കേരളീയർക്കിടയിലുണ്ട്. ബാധോച്ചാടനക്രിയകളിൽ നടപ്പുള്ള ഒടി, മാരണം തുടങ്ങിയവയോടനുബന്ധിച്ചും പൂച്ച, കാള, മൂരി തുടങ്ങിയ മൃഗങ്ങളെ ഉപയോഗിക്കാറുണ്ട്. യക്ഷി-ഭൂത-പ്രേതവിശ്വാസങ്ങളുടെ ഭാഗമായും മൃഗങ്ങളെക്കാണാം. പൂച്ച, കാക്ക, മൂങ്ങ, വവ്വാൽ തുടങ്ങിയ ജീവികളാണിതിൽ പ്രധാനം. സ്വപ്നവിശ്വാസങ്ങളിൽ മൃഗങ്ങൾക്ക് പ്രാതിനിധ്യമുണ്ട്. ആന,

കാള, പോത്ത് തുടങ്ങിയ മൃഗങ്ങളുമായി ബന്ധപ്പെട്ട് സ്വപ്നവ്യാഖ്യാനങ്ങളുണ്ട്. ഉഴിഞ്ഞിടൽ തുടങ്ങിയ ബാധോച്ചാടനക്രിയകളിൽ ചില സമൂഹങ്ങൾ ചത്ത ജീവികളുടെ ശരീരഭാഗങ്ങൾകൂടി ഉൾപ്പെടുത്തിക്കാണുന്നു. പല്ലി, എട്ടുകാലി തുടങ്ങിയ ജീവികളാണിതിൽ പ്രധാനം. പക്ഷിമൃഗാദികളുടെ ശബ്ദങ്ങളുമായി ബന്ധപ്പെട്ട് അർത്ഥം പറയുന്ന രീതിയും നാടോടിയായി നിലനില്ക്കുന്നുണ്ട്. കാക്കയുടെ കരച്ചിൽ, കുളി, പല്ലിയുടെ ചിലയ്ക്കൽ, നത്തിന്റെ ശബ്ദം, പട്ടിയുടെ ഓരി തുടങ്ങിയവ ശുഭ-അശുഭ നിമിത്തമായും ശകുനമായും കണക്കാക്കുന്നു. വിലക്കുകളിലും മൃഗസംബന്ധിയായ വിശ്വാസം നിലനിൽക്കുന്നുണ്ട്. ചില മൃഗങ്ങളെ സ്പർശിക്കുന്നത് നിഷിധമായി കരുതുന്നവരുണ്ട്.

2. വാങ്മയം

നാടോടി വാമൊഴി പാരമ്പര്യത്തിൽ മൃഗചരിതങ്ങളെ ഉൾക്കൊള്ളുന്നത് പല രീതിയിലാണ്. കുട്ടികളുടെ വിനോദഗാനങ്ങൾ, യക്ഷിക്കഥകൾ, ആരാധനപരമായ പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, കെട്ടുകഥകൾ, അനുഷ്ഠാനഗാനങ്ങൾ എന്നിവയിൽ മൃഗചരിതങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. സർപ്പപ്രീതിക്കായുള്ള കാവുകളിലെയും നാഗക്ഷേത്രങ്ങളിലെയും സർപ്പപ്പാട്ട്, കുതിരപ്പാട്ട് തുടങ്ങിയവ അനുഷ്ഠാനഗാനങ്ങളിൽ കാണുന്നുണ്ട്. മന്ത്രവാദപരമായ കളംപാട്ടുകളിൽ സർപ്പംപോലുള്ളവയെ സ്തുതിച്ചുപാടാറുണ്ട്. കന്നുകാലികളെ പീഡിപ്പിക്കുന്നതായി വിശ്വസിക്കുന്ന മുണ്ട്യൻ എന്ന വനദേവതയുടെ കോപംകൊണ്ടു നാശമുണ്ടാകാതിരിക്കാൻ മുണ്ട്യൻപാട്ട് നടത്തുന്നു. പെരുമണ്ണാന്മാർ നടത്തുന്ന ഈ പാട്ട് പാലക്കാട്ടും തൃശ്ശൂരും കണ്ടുവരുന്നു. കുറുന്തിനിപ്പാട്ടുകളിൽ നാഗപ്രീതിയാണ് പരാമർശം. സന്താനലാഭാർത്ഥം സ്ത്രീകൾക്കുവേണ്ടി ഉത്തരകേരളത്തിലെ വണ്ണാൻമാർക്കിടയിൽ നടത്തിവരുന്നു. കഥാഗാനശാഖയിൽ തെക്കൻപാട്ടുകളിൽ സർപ്പങ്ങളെക്കുറിച്ചുള്ളത് ആരാധനാപരമാണ്. നാടൻകഥകളിൽ ജന്തുകഥകൾ എന്നൊരു വിഭാഗംതന്നെയുണ്ട്. ബുദ്ധിശൂന്യത, അതിബുദ്ധി, ദുരാഗ്രഹം, മണ്ടത്തരം, ധൂർത്ത്, കൗശലം, പക തുടങ്ങിയവയും സദാചാരസംബന്ധമായ ബോധ്യങ്ങളും ധാർമ്മികഘടകങ്ങളും മനുഷ്യബോധത്തിൽ ദൃഢമൂലമാക്കാൻ മൃഗങ്ങളെ കഥാപാത്രമാക്കിക്കൊണ്ടുള്ള കഥകൾക്കു സാധിച്ചിട്ടുണ്ട്.

മൃഗങ്ങൾ കഥാപാത്രമായുള്ള ദൃഷ്ടാന്തകഥാശൃംഖലകളെ 'മൃഗേതിഹാസ'മായി കരുതുന്നവരുണ്ട്. രോഗമുള്ള സിംഹത്തോട് കാളയുടെ തോലുകൊണ്ട് മൂടിപ്പുതപ്പിച്ചാൽ രോഗം മാറുമെന്ന കുറുക്കന്റെ ഉപദേശം, കരിങ്കുരങ്ങന്റെ ഹൃദയമെടുത്ത് മരുണ്ടാക്കാൻ മുതലയുടെ ഉപദേശം

തുടങ്ങിയവ പ്രസിദ്ധമാണ്. സിംഹം, കടുവ, കുറുക്കൻ തുടങ്ങി എല്ലാ മൃഗങ്ങളും കഥകളിൽ പ്രത്യക്ഷപ്പെടാറുണ്ട്. അലൗകികശക്തികൾ പലപ്പോഴും കഥകളിൽ മൃഗരൂപം കൈക്കൊള്ളുന്നതായിപ്പറയുന്നു. ഇതെല്ലാം പ്രാക്തനജനതയുടെ പ്രകൃത്യാവബോധങ്ങളുടെ ദൃഷ്ടാന്തങ്ങളാണ്. ആന ഉച്ചപുരാവൃത്തവുമായി ബന്ധപ്പെട്ട് ഗണപതിയുടെ പ്രതീകമായി മാറുന്നത് പുരോഗതിയുടെ ഘട്ടത്തിലാണ്. ഹിന്ദു മിത്തോളജിയിൽ ആരാധനാമൂർത്തികളുമായി ബന്ധപ്പെട്ട് ഒരുപാടു മൃഗരൂപങ്ങൾ കാണാം.

ഐതിഹ്യകഥകളിൽ ഗജവീരന്മാരെക്കുറിച്ചുള്ള വികാരനിർഭരമായ അപദാനങ്ങൾ കാണാം. കാള, പോത്ത്, കുരങ്ങ്, കുതിര തുടങ്ങിയവയെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളും മലയാളത്തിലുണ്ട്. നാടോടി വാങ്മയങ്ങളിൽ മൃഗചരിതങ്ങളെ ഉൾക്കൊള്ളുന്ന വിവിധ മാതൃകകളാണ് പരാമർശിച്ചത്. ഇവയിലെല്ലാം മനുഷ്യചരിത്രത്തിന്റെ പ്രാക്തനത വെളിപ്പെടുന്നു.

3. ഭൗതികം

ഭൗതികസംസ്കാരവുമായി ബന്ധപ്പെട്ട് നായാട്ട്, കാർഷികവൃത്തി തുടങ്ങിയവയുമായി മൃഗങ്ങൾക്കുള്ള ബന്ധവും ഇവയോടുള്ള അഭേദ്യബന്ധവും കേരളത്തിൽ പ്രബലമാണ്. ശില്പങ്ങൾ, കരവിരുതുകൾ ഇതുകളിൽ മൃഗരൂപങ്ങൾ മെനയുന്നതിൽ ആരാധനപരവും കലാപരവുമായി കേരളീയ സംസ്കൃതിയുടെ ചരിത്രം നിഴലിക്കുന്നുണ്ട്. പ്രാപഞ്ചിക ശക്തികളുമായി സർഗ്ഗാത്മകമായി ഇണങ്ങി ജീവിക്കുന്ന മനുഷ്യന്റെ സാംസ്കാരിക തനിമ ഇവയിൽ പ്രകടമാണ്. ആടയാഭരണങ്ങളിലും മൃഗസാന്നിധ്യം കാണാം. പുലിത്തോലുടുക്കുന്ന ശിവൻ ഗോത്രസംസ്കൃതിയുടെ വേഷചിഹ്നമാണ്. അലങ്കാരവസ്തുക്കളിൽ ‘കരടിവാൽ’ കേശാഭരണമായി ഉപയോഗിക്കുന്ന ആദിവാസി സ്ത്രീകളുണ്ടായിരുന്നു. കളമെഴുത്തിന്റെ ഭാഗമായി മൃഗരൂപങ്ങൾ വർണ്ണപ്പൊടികളാൽ കളങ്ങളിൽ ആലേഖനം ചെയ്തു കാണുന്നു. നാടൻ ഔഷധപ്രയോഗങ്ങളിൽ ഉടുമ്പ്, ആട്, കോഴി, കരിങ്കുരങ്ങ്, പോത്ത് തുടങ്ങിയ മൃഗങ്ങളുമായി ബന്ധമുള്ള മരുന്നുകൂട്ടുകളുമുണ്ട്.

4. കലാപരം

കേരളത്തിലെ നാടൻകലകളിൽ അനുഷ്ഠാനപരം, അനുഷ്ഠാനേതരം, വിനോദം തുടങ്ങി നിരവധി രീതിയിലുള്ള കലാപ്രകടനങ്ങളിൽ മൃഗരൂപസാന്നിധ്യം കാണാം. ഇവയിൽ അനുഷ്ഠാനപരമായ മധ്യതിരുവിതാംകൂറിലെ പടേനിയിൽ കുതിരക്കോലം കെട്ടിയാടുന്ന പതിവുണ്ട്.

കുതിരയുടെ കുരുത്തോലരൂപങ്ങൾ ധരിച്ചാണ് ഈ കുതിരകളി നടത്തുക. പുലികളി, മാൻകളി തുടങ്ങിയ കലാരൂപങ്ങളിൽ പുലിയുടെയും മാനിന്റെയും ഉടുത്തുകെട്ട് കാണാം. ഇടുക്കിയിലെ മന്നാന്മാരുടെ മന്നാൻകൂത്തിൽ വേട്ടമൃഗങ്ങളുടെ രൂപത്തിലുള്ള വേഷം ധരിച്ചുള്ള കലാപ്രകടനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. തൃശ്ശൂർ ഓണാഘോഷത്തോടനുബന്ധിച്ചുള്ള പുലിക്കളിയിൽ പുലിരൂപങ്ങൾ അണിനിരക്കാറുണ്ട്. കുട്ടികളുടെ വിനോദങ്ങളിൽ മൃഗരൂപങ്ങളുടെ പൊയ്മുഖങ്ങൾ വെച്ചുള്ള കളികളുണ്ട്.

ആരാധന, കൃഷി, നായാട്ട്, വിനോദം, കല എന്നിങ്ങനെ മനുഷ്യസംസ്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്ന നാടോടിസംസ്കൃതിയിൽ മൃഗപ്രാതിനിധ്യം വളരെ പ്രബലമായിക്കാണുന്നു. മനുഷ്യന്റെ വളർച്ചാചരിത്രത്തിൽ പ്രകൃതിയുമായി സഹവസിച്ചിരുന്ന കാലമാണ് മൃഗങ്ങളോടൊത്തുള്ള ഘട്ടം. ഈ പ്രാക്തനതയുടെ വെളിപ്പെടുത്തലുകളായി ഈ മൃഗചരിതങ്ങളെ കാണാവുന്നതാണ്. മനുഷ്യന്റെ വികാസചരിത്രത്തിൽ ഇതിന്റെ അനുസ്മരണങ്ങളെന്നോണം കലയിലും ആരാധനയിലും ഇന്നും ഇവ നിലനിൽക്കുന്നു. ഇത്തരം നാടോടിസംസ്കൃതിയെ നവചരിത്ര-സംസ്കാരതലങ്ങളുമായി ബന്ധപ്പെടുത്തി പഠിക്കുന്നതിന്റെ ആവശ്യകതയും ഇതു വ്യക്തമാക്കുന്നു. സാംസ്കാരികചരിത്രനിർമ്മിതിയിൽ ഇത്തരം പ്രാക്തനവിശ്വാസങ്ങൾക്കും നാടോടി ജീവികാ രൂപങ്ങൾക്കുമുള്ള പങ്ക് അനിവാര്യമായും തിരിച്ചറിയപ്പെടേണ്ടതാണെന്ന ബോധ്യം നവോത്ഥാനകാലചിന്തയുടെ ഭാഗമായി രൂപപ്പെട്ടതാണ്. നാടോടിവിജ്ഞാനീയവുമായി ബന്ധപ്പെട്ട ഈ ജന്തുചരിതവ്യാഖ്യാനങ്ങളും പ്രതിരൂപാത്മകതകളും മനുഷ്യചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ചിഹ്നവ്യവസ്ഥിതിയോട് അടുത്ത ബന്ധം പുലർത്തുന്നുണ്ട്. മനുഷ്യവളർച്ചാകാലഘട്ടത്തിന്റെ ചിന്താശാസ്ത്രം തന്നെ ഈ മൃഗചരിതങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്നുണ്ട്.

## ഗ്രന്ഥസൂചി

1. നാടോടിവിജ്ഞാനീയത്തിനൊരു ആമുഖം, ഡോ. എം.വി വിഷ്ണുനമ്പൂതിരി, ഡി.സി ബുക്സ്,കോട്ടയം,2012.
2. ഫോക്ലോർ-രാഘവൻ പയ്യനാട്,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,1986.